**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2275** **06-07-2022 - ൽ മറുപടിയ്ക്ക്**

**ബ്രഹ്മപുരത്ത് ബയോ മൈനിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ ബ്രഹ്മപുരത്ത് എത്ര ടൺ മാലിന്യമാണ് അടിഞ്ഞു കിടക്കുന്നതെന്നും ഇത് ബയോ മൈനിംഗ് നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ; എങ്കിൽ അതിന് സ്വീകരിച്ച നടപടികൾ എന്താണെന്ന് അറിയിക്കാമോ; | (എ) | എറണാകുളം ജില്ലയിലെ ബ്രഹ്മപുരത്ത് 40.24 ഏക്കർ ഭൂമിയിൽ 5,51,903 ടൺ ലഗസി മാലിന്യമാണ് അടിഞ്ഞു കിടക്കുന്നത്. ബയോ മൈനിംഗ് പ്രകാരം ഇത്രയും ടൺ മാലിന്യം നീക്കം ചെയ്യാൻ വേണ്ടി സോണ്ട ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡിന് കരാർ നൽകിയിട്ടുള്ളതാണ്. |
| (ബി) | ബയോ മൈനിംഗ് നടക്കുന്നുണ്ടെങ്കിൽ അതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിച്ചിരുന്നോ; പ്രസ്തുത ബോർഡിന്റെ നിബന്ധനകൾ അനുസരിച്ചാണോ ബയോ മൈനിംഗ് നടക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | ബയോ മൈനിംഗ് പ്രക്രിയ ചെയ്യുന്നതിന് കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി ലഭ്യമാക്കിയിട്ടുള്ളതാണ്. അനുമതിയുടെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ബയോ മൈനിംഗ് പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നത്. |
| (സി) | ബയോ മൈനിംഗിന് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടുണ്ടോ; എങ്കിൽ എത്രയെന്നും ഇനി എത്ര ടൺ മാലിന്യമാണ് അവശേഷിക്കുന്നതെന്നും വെളിപ്പെടുത്തുമോ? | (സി) | ബയോ മൈനിംഗിന് മൊബിലൈസേഷൻ അഡ്വാൻസ് ആയി 7,15,74,684/- രൂപ നൽകിയിട്ടുള്ളതാണ്. ഇനി 4,19,000 ടൺ മാലിന്യമാണ് അവശേഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ